**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2529** | **23-02-2026 - ൽ മറുപടിയ്ക്ക്**

## ഇന്ത്യ- യു.എസ്. വ്യാപാര കരാർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് നിലവിൽ വന്ന ഇന്ത്യ- യു.എസ്. ഇടക്കാല വ്യാപാര കരാർ സംസ്ഥാനത്തെ വ്യാവസായിക, വ്യാപാര രംഗത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രാജ്യത്ത് നിലവിൽ വന്ന ഇന്ത്യ- യു.എസ്. ഇടക്കാല വ്യാപാര കരാർ സംസ്ഥാനത്തെ വ്യാവസായിക, വ്യാപാര രംഗത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് പൊതുവിൽ ഒരു അവലോകനം മാത്രമാണ് നടത്തിയിട്ടുള്ളത്. കയറ്റുമതിക്കാരുടെ യോഗം വിളിച്ച വിശദമായ ചർച്ച നടത്തുകയും യൂണിയൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ അവരുടെ ആശങ്കകൾ അറിയിക്കുകയുമുണ്ടായി.<br><br>ഇന്ത്യ–യു.എസ്. ഇടക്കാല വ്യാപാര കരാർ നിയമപരമായി പൂർണ്ണമായി നടപ്പിലായ സമഗ്ര കരാർ അല്ല, മറിച്ച് ഇരുരാജ്യങ്ങളും തമ്മിൽ തത്വത്തിൽ ധാരണയിലെത്തിയ ഒരു ഇടക്കാല വ്യാപാര രൂപരേഖയായതിനാൽ, യഥാർത്ഥ പ്രതിഫലനം കരാർ നടപ്പാക്കുന്ന വ്യവസ്ഥകൾ, തീരുവ പട്ടികകൾ, കാലക്രമം, ഒഴിവാക്കലുകൾ എന്നിവയെ ആശ്രയിച്ചായിരിക്കും. എന്നിരുന്നാലും, സംസ്ഥാനത്തിന്റെ വ്യവസായ ഘടന, കയറ്റുമതി ആശ്രിത മേഖലകൾ, MSME ആധിപത്യമുള്ള ഉൽപ്പാദന മാതൃക എന്നിവ പരിഗണിച്ച് നടത്തിയ വിലയിരുത്തലിൽ, ചില മേഖലകൾക്ക് കയറ്റുമതി അവസരങ്ങൾ മെച്ചപ്പെടാനിടയുണ്ടെന്നും, ചില മേഖലകൾക്ക് മത്സര സമ്മർദ്ദം വർധിക്കാനിടയുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്.<br><br>മുമ്പ് കുറഞ്ഞ നികുതിയിൽ കയറ്റുമതി ചെയ്തിരുന്ന കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഉയർന്ന നികുതി നൽകേണ്ടി വരുന്നത് തിരിച്ചടിയാകുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. സാധാരണ കർഷകർക്കും കേരളം പോലുള്ള സംസ്ഥാനങ്ങൾക്കും ഈ വ്യാപാര കരാർ വലിയ സാമ്പത്തിക വെല്ലുവിളികൾ സൃഷ്ടിക്കുവാനുള്ള സാധ്യതയുണ്ട്. |
| (ബി) | ഉഭയകക്ഷി കരാർ പ്രകാരം അമേരിക്കയിൽ നിന്നും തീരുവയില്ലാതെ കാർഷിക, വ്യാവസായിക ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുകയും സംസ്ഥാനത്തുനിന്നുള്ള ഉല്പന്നങ്ങൾ ഉയർന്ന തീരുവ ഈടാക്കി കയറ്റുമതി ചെയ്യുന്നതുമായ അനിതരസാധാരണ സാഹചര്യം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | അമേരിക്കയിൽ നിന്നുള്ള കാർഷികവും വ്യാവസായികവുമായ ചില ഉൽപ്പന്നങ്ങൾ തീരുവയില്ലാതെയോ കുറഞ്ഞ തീരുവയോടെയോ ഇന്ത്യൻ വിപണിയിലെത്തുകയും, അതേസമയം ഇന്ത്യയിൽ നിന്നുള്ള ചില ഉൽപ്പന്നങ്ങൾ അമേരിക്കയിലേക്ക് കയറ്റുമതി ചെയ്യുമ്പോൾ ഉയർന്ന തീരുവയും കർശനമായ സാങ്കേതിക–ഗുണനിലവാര മാനദണ്ഡങ്ങളും നേരിടേണ്ടിവരികയും ചെയ്യുന്ന അനിതരസാധാരണ സാഹചര്യങ്ങൾ ഉണ്ടാകാമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് ചെറുകിട–ഇടത്തരം സംരംഭങ്ങൾക്കും കൃഷി അധിഷ്ഠിത വ്യവസായങ്ങൾക്കും ഇത് താൽക്കാലിക വെല്ലുവിളികൾ സൃഷ്ടിക്കാനും സാധ്യതയുണ്ട്.<br><br>ഇന്ത്യ- യു.എസ്. ഇടക്കാല വ്യാപാര കരാർ സംസ്ഥാനത്തെ ഏതെല്ലാം ഉല്പന്നങ്ങളുടെ ഉല്പാദനത്തെയും കയറ്റുമതിയെയും പ്രതികൂലമായി ബാധിക്കുമെന്നത് സംബന്ധിച്ച് നിലവിൽ പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (സി) | പ്രസ്തുത കരാർ സംസ്ഥാനത്തെ ഏതെല്ലാം ഉല്പന്നങ്ങളുടെ ഉല്പാദനത്തെയും കയറ്റുമതിയെയും പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (സി) | മേൽ ബി പിരിവിലെ മറുപടി കമ്ടാലും. |
| (ഡി) | പ്രസ്തുത വ്യാപാര കരാറിന്റെ പൂർണ്ണ വിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമാണോ; വിശദാംശം നൽകാമോ? | (ഡി) | ഇരു രാജ്യങ്ങളും വ്യാപാര സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഒരു ഇടക്കാല വ്യാപാര ഫ്രെയിംവർക്ക്/രൂപരേഖയിൽ തത്വത്തിൽ ധാരണ യിലെത്തിയിട്ടുണ്ടെങ്കിലും, അതിന്റെ അന്തിമ നിയമപരമായ രേഖകൾ ഒപ്പുവെക്കുകയും ഔദ്യോഗികമായി നടപ്പിലാക്കുകയും ചെയ്തിട്ടില്ല. അതിനാൽ വിശദാംശങ്ങൾ നിലവിൽ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ